# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./ഇ.കെ.എം(പി.13)1952/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/04/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./ഇ.കെ.എം(പി.13)1952/2021 തീയ്യതി: 12/04/2022

## എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.എ. ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2021 | 29-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-12-2021 | 29-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ധീരജ് ജെ ഓഡിറ്റ് ഓഫീസർ
ശ്രീമതി ടെസ്സി എം ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ.വി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി ജി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ എം സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വൃന്ദ സി എസ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| | | (മുതൽ) | |
| ശ്രീ എം പി ലോനപ്പൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീമതി ഗ്രേസി ദയാനന്ദൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ടി എസ് പ്രസാദ് | സെക്രട്ടറി | 01-04-2020 | 28-02-2021 |
| ശ്രീമതി എം ജയശ്രീ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം ജയശ്രീ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ബീന കെ എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 23-10-2020 |
| ചാർജ് ഇല്ല | ഐസിഡിഎസ് സൂപ്പർവൈസർ | 24-10-2020 | 03-11-2020 |
| ശ്രീമതി പ്രതിഭ മത്തായി | ഐസിഡിഎസ് സൂപ്പർവൈസർ | 04-11-2020 | 31-03-2021 |
| ശ്രീമതി ബീറ്റി ബാലചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീമതി സീന പി ജി | കൃഷി ഓഫീസർ | 05-06-2020 | 30-09-2020 |
| ശ്രീമതി വന്ദന ജി പിള്ള | കൃഷി ഓഫീസർ | 01-10-1921 | 27-12-2020 |
| ശ്രീമതി എൽസ ഗിൽസ് | കൃഷി ഓഫീസർ | 28-12-2020 | 31-03-2021 |
| ശ്രീമതി അനു ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-06-2020 |
| ശ്രീമതി രജിത പി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 29-06-2020 | 31-03-2021 |
| ഡോ. ഹേന കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 04-03-2021 |
| ഡോ. പ്രസീദ് സി പി | വെറ്ററിനറി സർജൻ | 05-03-2021 | 31-03-2021 |
| ഡോ. ഗ്ലെൻസൻ കെ ജോസഫ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ഇന്ദിര പി കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ. ലീന എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ സന്ദീപ് സി പി | വി.ഇ.ഒ. പാറപ്പുറം | 01-04-2020 | 31-03-2021 |
| ശ്രീ സുനിൽ ഇ ജി | വി.ഇ.ഒ. കാഞ്ഞൂർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ സുനിൽകുമാർ എം ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 06-07-2020 |
| ശ്രീ പ്രശാന്ത് ഇ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-5 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: Prasad P G (Asst. Audit Officer, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vrinda C S (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Tessy (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-10 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-11 |
| 13 | വിവിധ അക്കൌണ്ട് ഹെഡുകളിലായി മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ നിലനിൽക്കുന്നു.<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-12 |
| 14 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു.<br>Written By: Vrinda C S (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-13 |
| 15 | ലൈസൻസ് ഫീ - അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-14 |
| 16 | കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-15 |
| 17 | തൊഴിൽ നികുതി -അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-16 |
| 18 | ചട്ടത്തിന് വിരുദ്ധമായി വിവിധ നിരക്കുകളിൽ ലൈസൻസി ഫീ ഈടാക്കുന്നു. | 1-17 |

| | | |
|---|---|---|
| | Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | |
| 19 | പഞ്ചായത്ത് അനുമതിയില്ലാതെ അനധികൃതമായി നിലം നികത്തി റൈസ് മില്ലുകളുടെ നിർമ്മാണം<br>Written By: Vrinda C S (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-18 |
| 20 | ഇ-ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്നില്ല.<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-19 |
| 21 | ലൈഫ് ഭവന പദ്ധതി-ഭൂമി വാങ്ങുന്നതിന് ധനസഹായം- ജനറൽ-പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-20 |
| 22 | അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം<br>Written By: Prasad P G (Asst. Audit Officer, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-21 |
| 23 | എസ്.എസ്.കെ. പദ്ധതി-വിനിയോഗവിവരങ്ങൾ,മോണിറ്ററിംഗ് ഫലപ്രദമല്ല<br>Written By: Dheeraj J (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-22 |
| 24 | എ.ബി.സി പ്രോഗ്രാം- തുക നൽകിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-23 |
| 25 | ലാപ്ടോപ്പ് വിതരണം- മാർഗ്ഗരേഖ പാലിച്ചില്ല.<br>Written By: Dheeraj J (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-24 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Dheeraj J (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 1-25 |
| 27 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ പദ്ധതി- അപാകതകൾ.<br>Written By: Dheeraj J (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 02-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 28-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Santhosh Kumar M (Auditor, On 01-01-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 02-04-2022) | |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 28-12-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Santhosh Kumar M (Auditor, On 28-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 28-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.3.20ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1042996 | (3401384) |
| വരവ് | 155696800 | 189913282 |
| ആകെ | 156739796 | 186511898 |
| ചെലവ് | 155395040 | 185606336 |
| നീക്കിയിരിപ്പ് | 1344756 | 905562 |

സ്ഥാപനത്തിന്റെ 2020-21 ലെ പുതുക്കിയ ബജറ്റ് 17.02.2021 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളിലും ഖണ്ഡിക 1-3ൽ ചേർത്തിട്ടുള്ള ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളിലും വലിയ അന്തരം കാണുന്നു. വർഷാവസാനം തയ്യാറാക്കുന്ന റിവൈസ്ഡ് ബജറ്റിലും യഥാർത്ഥത്തിലുള്ള വരവ് ചെലവിനനുസൃതമായ മാറ്റം വരുത്തുന്നില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് ചെലവുകളും യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 09.06.2021 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്). സാംഖ്യാ സോഫ്റ്റ് വെയറിൽ ഈ വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചത്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2183036/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6482708/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.സാംഖ്യാ സോഫ്റ്റ് വെയറിന്റെ ഈ പോരായ്മ ഇൻഫോർമേഷൻ കേരളമിഷനെ നിലവിൽ അറിയിച്ചിട്ടുള്ളതാണ് എന്നാണ് അറിയിച്ചത്. കൃത്യമായ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാംഖ്യാ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് നൽകിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ഓരോവർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൌണ്ടിൽ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

4) വസ്തു നികുതിയുടെ ഡിമാന്റ് തുകകൾ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നത് എങ്കിലും ഇതിന് അടിസ്ഥാനമായ ഡിസിബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. 24062/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 8594/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ ചെലവായി രേഖപ്പെടുത്തിയതായി കാണുന്നു. മുൻകാലങ്ങളിൽ അഡ്വാൻസ് ആയി ലഭിച്ച തുക ആവർഷങ്ങളിൽ തൻവർഷ കളക്ഷനായി രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ ജേണൽ എൻട്രി വരുത്തുന്നത് എന്നാണ് മറുപടി നൽകിയത് . 2019-20 വർഷത്തെ ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക തൻവർഷം രേഖപ്പെടുത്തിയ കുടിശ്ശികയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ പ്യൂരിഫിക്കേഷനുശേഷം കുടിശ്ശിക ഡിമാന്റിൽ വ്യത്യാസം വന്നതാണ് ഇതിന് കാരണമായത് എന്നാണ് അറിയിച്ചത്. ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. ഏത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്നത് വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതാണ്.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/ 2008/ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം

നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ട്രഷറി സേവിങ്ങ് അക്കൌണ്ടിനെ കൂടാതെ ദേശസാത്കൃത ബാങ്കായ എസ് ബി ഐ ബാങ്ക്. , എസ് ബി ഐ ഇ-പേയ്മെന്റ് അക്കൌണ്ടുകളിലും എറണാകുളം ഡിസ്ട്രിക്ട് സഹകരണ ബാങ്ക്, കാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് , എന്നിങ്ങനെ നാല് അക്കൌണ്ടുകളിലാണ് നിക്ഷേപിക്കുന്നത്. കാലാകാലങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി അക്കൌണ്ടുകൾ ആവശ്യമായി വന്നതുകൊണ്ടാണ് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് എന്ന മറുപടി തൃപ്തികരമല്ല. പ്രത്യേക ആവശ്യത്തിനുള്ളതൊഴികെ തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് അഭികാമ്യമല്ല. ഇ പേയ്മെന്റ് അക്കൌണ്ടിൽ ലഭിക്കുന്ന വരവും തനത് ഫണ്ടിന് മാത്രമായുള്ള അക്കൊണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് എല്ലാ തനത് ഫണ്ട് ചെലവുകളും ഈ അക്കൌണ്ടിൽ നിന്ന് മാത്രം നൽകുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്(ഇ പെയ്മെന്റ് ചെലവുകൾ ഒഴികെ).

6. ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 18 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 305414/- ആണെങ്കിലും അതിന്റെ ഡിപ്രസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 5439088/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. സാംഖ്യാ സോഫ്റ്റ് വെയറിൽ എല്ലാ ആസ്തികൾക്കും ഡിപ്രസിയേഷൻ ഹെഡ് ഇല്ലാത്തതാണ് ഇതിന് കാരണമായി അറിയിച്ചത്. സാംഖ്യാ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന് ഇൻഫോർമേഷൻ കേരളമിഷനുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത് . സാംഖ്യാ സോഫ്റ്റ്‌വെയറുമായി മറ്റ് സോഫ്റ്റ്‌വെയറുകളുമായി ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതിൽ ഇന്റഗ്രേഷൻ ഇല്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. ഇന്റഗ്രേഷൻ ഇല്ലാത്തപക്ഷം ജേണൽ എൻട്രി വഴി സമയാസമയങ്ങളിൽ ഡിമാന്റ് രേഖപ്പെടുത്തേണ്ടതും അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ 27-12-21 ലെ ഓഡിറ്റ് എൻക്വയറി നം 5 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള ഓഡിറ്റ് നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14480120.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81718050.00 |
| ആകെ | 96198170.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79535014.00 |
| നീക്കിയിരുപ്പ് | 16663156.001 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **1019929** |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12087180 | 12087180 | 10538418 | 0 | 1548762 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 4852745 | 4852745 | 3548708 | 0 | 1304037 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 167000 | 167000 | 0 | 0 | 167000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 25357000 | 25357000 | 25346149 | 0 | 10851 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 2923792 | 0 | 532889 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 7819647 | 7819647 | 4779872 | 0 | 3039775 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | | 3830000 | 3830000 | 2697390 | | 1132610 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| 320 100 115 - TSC-PBIG | 1544 | 2099402 | 2100946 | 362365 | 1738581 | |
| ICDS - 320100121 | 2138964 | 1148409 | 3287373 | 2445834 | 841539 | - |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| 320200302(എകോ ഫ്രണ്ട്‌ലി ടോയ്‌ലറ്റ്) | 36044 | 0 | 36044 | 0 | 36044 | |

| | | | | | | |
|---|---|---|---|---|---|---|
| 320 300 199 – TSCസാനിറ്റേഷൻ | 53169 | 2954710 | 3007879 | 2183300 | 824579 | |
| 320 100 103 – ശുചിത്വമിഷൻ | 1058847 | 500000 | 1558847 | 756000 | 802847 | |
| 320 200 201 – കൃഷിവകുപ്പ് ഗ്രാന്റ് | 75562 | 0 | 75562 | 0 | 75562 | 0 |
| 320200324 – Grant For Epidemic | - | 100000 | 100000 | 100000 | 0 | 0 |
| 320300102 – ജലനിധി | 1107509 | 30429 | 1137938 | 0 | 1137938 | |
| 320 600 101 – എം എൻ ഹൌസിങ്ങ് | 1312876 | - | 1312876 | 0 | 1312876 | 0 |
| 320200301 – ജനകീയ ഭവനം | 11936 | 371 | 12307 | 0 | 12307 | |
| 320200322 – പ്രീമൺസൂൺ | | 150000 | 150000 | 150000 | | |
| 320200316 – എം എൽ എ ഫണ്ട് | | 725902 | 725902 | 725902 | 0 | |
| 320200399 – 'ലൈഫ് ഭവനം' | 348000 | - | 348000 | 348000 | - | |
| 320900399 – Other Honors& Awards | 300000 | 0 | 300000 | 300000 | 0 | |

കുറിപ്പ്- വിവിധ ഫണ്ടുകളിൽ നിന്നുള്ള സോഴ്സ് ഡിഡക്ഷൻ, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1.വികസന ഫണ്ട് (ജനറൽ) -സോഴ്സ് ഡിഡക്ഷൻ- 1402820/- രൂപ, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 99898/-രൂപ.

2.വികസന ഫണ്ട് (എസ് സി പി) -സോഴ്സ് ഡിഡക്ഷൻ- 29255/- രൂപ,

3.ധനകാര്യ കമ്മീഷൻ അവാർഡ്- ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 909950/-രൂപ.

4.ധനകാര്യ കമ്മീഷൻ അവാർഡ് (Tled)- ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 591648/-രൂപ.

5.സംരക്ഷണ ഗ്രാന്റ് (റോഡിതരം)-ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 49900/-രൂപ.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12087180 | 10538418 | 1548762 | 12.81% |
| വികസന ഫണ്ട്(എസ്.സി.പി) | 4852745 | 3548708 | 1304037 | 26.87% |
| വികസനഫണ്ട്(ടി.എസ്.പി) | 167000 | 0 | 167000 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 25357000 | 25346149 | 10851 | 0.04% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3456681 | 2923792 | 532889 | 15.42% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 7819647 | 4779872 | 3039775 | 38.87% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 3830000 | 2697390 | 1132610 | 29.57% |

പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണകലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതും ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 226 | 105436609 | 189 | 59471912 | 32 | 37 | 157 | 69.46% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,355 | 12,75,258 | 12,76,613 | 11,83,126 | 93,487 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 2,27,60,334 | 2,27,60,334 | 2,27,60,334 | - |
| ആകെ | 1,355 | 20721074 | 20721075 | 2,39,43,460 | 93,487 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4800 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 7743200 | 409 |
| വിധവാപെൻഷൻ | 14572300 | 783 |
| വാർദ്ധക്യകാലപെൻഷൻ | 36430200 | 2179 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4857400 | 251 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 1086900 | 60 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2021 തീയതിയിൽ ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,11,764/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

വാട്ടർ അതോറിറ്റിയിൽ അടക്കേണ്ട തുക, വൈദ്യുതി ചാർജ് എന്നിവ യഥാസമയം അടവാക്കുന്നുണ്ടെങ്കിലും ഇതിന്റെ രസീതുകൾ വൌച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. നെഫ്റ്റ് സംവിധാനം വഴിയാണ് തുകകൾ അടവാക്കുന്നതെന്നതിനാൽ രസീത് പിന്നീട് എപ്പോഴെങ്കിലും ആണ് ലഭ്യമാക്കുന്നത് എന്നാണ് ഇത് സംബന്ധിച്ച് വിശദീകരണം നല്കിയത്.

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വൻതുകകൾ ഓരോ വർഷവും ചെലവാക്കുന്നുണ്ട്. വർഷം തോറും മെയിന്റനൻസ് നടത്തുന്നുണ്ടെങ്കിലും വീണ്ടും വീണ്ടും ഈയിനത്തിൽ തുകകൾ ചെലവാക്കേണ്ടി വരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് നടത്തുന്നതിൽ ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ് .

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭ ജനുവരി ഫെബ്രുവരി മാസങ്ങളിലായി ഒരു പ്രാവശ്യം മാത്രമാണ് ചേർന്നിരിക്കുന്നത്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2020 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2015 മുതൽ 12.03.2015 വരെ | 2009- 10 മുതൽ 2013-14 വരെ | 02.06.2015 |

**1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ**

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ നിർമ്മാണ പ്രവൃത്തികൾ ചെയ്തിട്ടുള്ളതിൽ സാധനങ്ങൾ വാങ്ങുന്നതിലും വിനിയോഗിക്കുന്നതിലും താഴെ ചേർക്കുന്ന അപാകതകൾ കാണുന്നുണ്ട്.

1. നിർമ്മാണ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ആകെ അടങ്കൽ കണക്കിലെടുക്കാതെ ടെണ്ടർ ക്ഷണിച്ചിരിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) നം 93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പിന്നീട് ജി.ഒ(എം.എസ്) നം 138/2017/തസ്വഭവ തീയതി 18.07.2017 പ്രകാരം പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചെങ്കിലും, ജി.ഒ(എം.എസ്) നം 254/2017/തസ്വഭവ തീയതി 15.12.2017 ഉത്തരവ് പ്രകാരം അത് റദ്ദ് ചെയ്യുകയും ആദ്യത്തെ ഉത്തരവ് പ്രാബല്യത്തിലുണ്ടാവുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റിയും സബ് കമ്മിറ്റിയും രൂപീകരിക്കണമെന്നും അർദ്ധവാർഷിക അടിസ്ഥാനത്തിലുള്ള പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങൽ നടത്തണമെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നു. ഭരണാനുമതി നൽകിയ പദ്ധതികളിൽ ഏകദേശം മെറ്റീരിയൽ വില കണക്കാക്കി ആകെ അടങ്കൽ കണക്കാക്കി വേണം ടെണ്ടർ ക്ഷണിക്കാൻ. ആകെ അടങ്കൽ തുക 5 ലക്ഷത്തിൽ അധികരിച്ചാൽ ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണം. എന്നാൽ ഇപ്രകാരം ചെയ്യാത്തതിനാൽ ഇ-ടെണ്ടർ മുഖേനയല്ല കരാറുകാരെ തെരെഞ്ഞെടുത്തിട്ടുള്ളത്.

ആകെ അടങ്കൽ കണക്കിലെടുക്കാത്തതിനാൽ ടെണ്ടർഫോറം വില നിശ്ചയിച്ചത് ക്രമപ്രകാരമാണോയെന്നതിലും വ്യക്തതയില്ല. ടെണ്ടർ നോട്ടീസിൽ 1500/-രൂ+ GST ആണ് ഫോറം വിലയായി കാണിച്ചിരിക്കുന്നത് ( നോട്ടീസ് നം എ2-1725/20/NREGS തീയതി 12.05.2020). ഇതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് പേർ ടെണ്ടർ സമർപ്പിക്കുകയും, ഇരുവരും എസ്റ്റിമേറ്റ് നിരക്കിൽ സാധനങ്ങൾ നൽകാൻ തയ്യാറാവുകയും ചെയ്ത സാഹചര്യത്തിൽ താഴെ പറയുന്ന രീതിയിൽ വാർഡ് അടിസ്ഥാനത്തിൽ അംഗീകൃത നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യാൻ അനുമതി നൽകിയിരിക്കുന്നു ( പഞ്ചായത്ത് കമ്മിറ്റിയുടെ 17/06/2020 ലെ 6(1) നമ്പർ തീരുമാനം).

| | |
|---|---|
| ശ്രീ.ടി.ഡി.ഡേവിസ് | 1,3,5,7,9,11,13,15 എന്നീ വാർഡുകളിൽ |
| ശ്രീ. ടിജോ വർഗീസ് | 2,4,6,8,10,12,14 എന്നീ വാർഡുകളിൽ |

2. സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ് കൃത്യമായി ഈടാക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, തുടങ്ങിയ വ്യക്തിഗത പദ്ധതികൾ ഉൾപ്പെടെ മറ്റീരിയൽസ് ആവശ്യമായ എല്ലാ പ്രവൃത്തികൾക്കും 2020-21 വർഷം മറ്റീരിയൽ സപ്ലൈ ചെയ്തത് മേൽ

പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇവർ താഴെ കാണും വിധം തുകക്കുള്ള സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്.

| കരാറുകാരന്റെ പേര് | സപ്ലൈ ചെയ്ത സാധനങ്ങളുടെ ആകെ വില | സ്രോതസ്സിൽ കുറവ് ചെയ്യേണ്ട ജി.എസ്.ടി (2%) | ഈടാക്കിയത് | ഈടാക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| ശ്രീ ടി.ഡി.ഡേവിസ് | 26,69,556/- | 58,003/- | 17,289/- | 40,714/- |
| ശ്രീ ടിജോ വർഗീസ് | 15,03,233/- | 30,064/- | 13,695/- | 16,369/- |
| ആകെ | | | | 57,083/- |

2017 ലെ ജി.എസ്.ടി. നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2 % തുക ജി.എസ്.ടി. ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ അടവാക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസിലൂടെ നടത്തുന്നതുകൊണ്ടും, ജി.എസ്.ടി. കുറവ് ചെയ്യാൻ അതിൽ സംവിധാനമില്ലാത്തതിനാലും, അപ്രകാരം ശരിയാകുന്നതുവരെ സപ്ലൈയർ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി. തുക ഗ്രാമ പഞ്ചായത്തിൽ നേരിട്ട് അടവാക്കിയെന്ന് ഉറപ്പ് വരുത്തി ബിൽ സെറ്റിൽ ചെയ്യാൻ തൊഴിലുറപ്പ് പദ്ധതി കേരള മിഷൻ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു (30.07.2019 ലെ 957/ഇ.ജി.എസ്-സി/10/ആർ.ഇ.ജി.എസ് നമ്പർ കത്ത്). എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് 2020-21 വർഷങ്ങളിൽ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരന് മേൽ പ്രകാരമുള്ള തുക നൽകിയിട്ടുള്ളത്. കരാറുകാരന് നൽകിയിട്ടുള്ള തുകയുടെ 2 % ജി.എസ്.ടി. ടി.ഡി.എസ്. ഇനത്തിൽ പഞ്ചായത്തിൽ ഒടുക്കി റിട്ടേൺ ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

<u>3. പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിന് (സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്) തുക നൽകിയിട്ടും അവ കൃത്യമായി സ്ഥാപിക്കുന്നില്ല.</u>

ഓരോ പ്രവൃത്തിക്കുമുള്ള എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുകയും വകയിരുത്തുന്നുണ്ട്. കോഴിക്കൂട്, ആട്ടിൻകൂട് , തൊഴുത്ത് നിർമ്മാണം തുടങ്ങിയ ഭിത്തിയിൽ വിവരങ്ങൾ എഴുതാൻ കഴിയുന്ന പദ്ധതികൾക്ക് 800/- രൂപയും, നിലത്ത് സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡുകൾക്ക് 3000/- രൂപയുമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഇത് വലിയ തോതിലുള്ള അനാവശ്യചെലവിന് ഇടവരുത്തുന്നതായി കാണുന്നു. ഉദാഹരണത്തിന് തൻ വർഷം 1ാം വാർഡിൽ പൂർത്തിയാക്കിയ ഫാം പോണ്ട് നിർമ്മാണം എന്ന പ്രവൃത്തിയുടെ ആകെ ചെലവ് 12,000/- രൂപയായിരുന്നു. ഇതിൽ 3000/- രൂപയും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് നൽകിയിട്ടുള്ളതാണ്. കൂടാതെ ഒരു പ്രവൃത്തി സ്ഥലത്ത് തന്നെ നടത്തുന്ന വ്യത്യസ്ത വർക്കുകൾക്ക് പ്രത്യേകം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നുണ്ട്. ചില സൈറ്റിൽ ഇവ സ്ഥിരമായി ഉറപ്പിച്ചിട്ടില്ല. എളുപ്പം ഇളക്കി മാറ്റാവുന്ന വിധത്തിൽ സ്ഥാപിക്കുന്നത് കൊണ്ട് കുറച്ച് കാലം കഴിയുമ്പോൾ ബോർഡ് അവിടെത്തന്നെ ഉണ്ടാകുമോയെന്നതിന് യാതൊരു ഉറപ്പുമില്ല. ആയതിനാൽ ഡിസ്പ്ലേ ബോർഡിന് തുക വകയിരുത്തുന്നതിൽ ഒരു പുനർവിചിന്തനം ആവശ്യമാണെന്ന് കാണുന്നു. ഇക്കാര്യത്തിലേക്ക് അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാർക്ക് തന്നെയാണ് ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുകയും നൽകിയിരിക്കുന്നത്. ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയുടെ ഭിത്തിയിൽ മഞ്ഞ നിറത്തിലുള്ള പ്രതലത്തിൽ കറുത്ത പെയിന്റിൽ പ്രവൃത്തിയുടെ വിവരം എഴുതിയിരിക്കയാണ് ചെയ്തിരിക്കുന്നത്. കുറഞ്ഞ ചെലവിൽ ചെയ്യാവുന്ന ഈ ഇനത്തിനും 800/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്തടിസ്ഥാനത്തിലാണ് ഡിസ്പ്ലേ ബോർഡുകൾക്കുള്ള നിരക്ക് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. തൻവർഷം ചെയ്ത മെറ്റീരിയൽ വർക്കുകളുടെ ഇനം തിരിച്ചുള്ള വിവരവും, ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് നൽകിയ തുകയുടെ വിവരവും താഴെ ചേർക്കുന്നു.

കരാറുകാരന്റെ പേര്-ടിജോ വർഗീസ്

| ക്രമ നം | പ്രവൃത്തിയുടെ തരം | എണ്ണം | ഡിസ്പ്ലേ ബോർഡിന് നൽകിയ നിരക്ക് | ഡിസ്പ്ലേ ബോർഡിന് ചെലവായ തുക |
|---|---|---|---|---|
| 1 | ആട്ടിൻ കൂട് നിർമ്മാണം | 9 | 800 | 7,200 |
| 2 | തൊഴുത്ത് നിർമ്മാണം | 3 | 800 | 2,400 |
| 3 | കോഴിക്കൂട് നിർമ്മാണം | 10 | 800 | 8,000 |
| 4 | കമ്പോസ്റ്റ് കുഴി | 35 | 800 | 28,000 |
| 5 | റോഡ്, തോട് നവീകരണം, ഭൂവികസനം, തരിശ് കൃഷി | 28 | 3000 | 84,000 |
| | | 85 | | 1,29,600 |

കരാറുകാരന്റെ പേര്-ടി.ഡി.ഡേവിസ്

| ക്രമ നം | പ്രവൃത്തിയുടെ തരം | എണ്ണം | ഡിസ്പ്ലേ ബോർഡിന് നൽകിയ നിരക്ക് | ഡിസ്പ്ലേ ബോർഡിന് ചെലവായ തുക |
|---|---|---|---|---|
| 1 | ആട്ടിൻ കൂട് നിർമ്മാണം | 12 | 800 | 9,600 |
| 2 | തൊഴുത്ത് നിർമ്മാണം | 3 | 800 | 2,400 |
| 3 | കോഴിക്കൂട് നിർമ്മാണം | 16 | 800 | 12,800 |
| 4 | കമ്പോസ്റ്റ് കുഴി | 61 | 800 | 48,800 |
| 5 | റോഡ്, തോട് നവീകരണം, ഭൂവികസനം, തരിശ് കൃഷി | 64 | 3000 | 1,92,000 |

| | ആകെ | 156 | | 2,65,600 |
|---|---|---|---|---|

4. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിലെ മാനദണ്ഡം വ്യക്തമല്ല.

കോഴിക്കൂട്, ആട്ടിൻകൂട് , തൊഴുത്ത് നിർമ്മാണം തുടങ്ങിയ വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രവൃത്തികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം വ്യക്തമല്ല. സംസ്ഥാന സർക്കാരിന്റെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന വ്യക്തിഗത ആനുകാല്യങ്ങളുടെ തെരഞ്ഞെടുപ്പിന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും, അനുവദിക്കാവുന്ന സബ്സിഡിക്ക് പരിധിയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ നിർമ്മാണച്ചെലവും സർക്കാർ വഹിക്കുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് വന്നിട്ടുള്ള ചെലവ് താഴെ പറയും പ്രകാരമാണ്.

| പ്രവൃത്തിയുടെ തരം | ഒരു പ്രവൃത്തിക്ക്<br>അനുവദിച്ച ഏകദേശം തുക |
|---|---|
| ആട്ടിൻ കൂട് നിർമ്മാണം | 50,000/- |
| തൊഴുത്ത് നിർമ്മാണം | 1,50,000/- |
| കോഴിക്കൂട് നിർമ്മാണം | 15,000 |
| കമ്പോസ്റ്റ് കുഴി | 10,000 |

പദ്ധതി മാർഗ്ഗരേഖയിൽ തൊഴുത്ത് നവീകരണത്തിന് നൽകാവുന്ന പരമാവധി തുക ജനറൽ വിഭാഗത്തിന് 25,000/- രൂപയും, എസ്.സി വിഭാഗത്തിന് 30,000/- രൂപയുമാണ്. ഈ ആനുകൂല്യം ലഭിക്കണമെങ്കിൽ ഗ്രാമസഭ വഴി അപേക്ഷിച്ച് ,വിവിധ ക്ലേശഘടകങ്ങൾ പരിഗണിച്ചുള്ള മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്രകാരമുള്ള വിലയിരുത്തലുകളൊന്നും നടത്താതെ മുഴുവൻ നിർമ്മാണച്ചെലവും ലഭിക്കുന്ന സാഹചര്യമാണുള്ളത്.

ഏതാനും പ്രവൃത്തിസ്ഥലം നേരിട്ട് പരിശോധിച്ചതിൽ തൊഴുത്ത്, ആട്ടിൻ കൂട് എന്നിവ ലഭിച്ചവർ വലിയ ക്ലേശഘടകങ്ങളൊന്നും ഇല്ലാത്തവരും, വലിയ ഇരുനില വീടുമൊക്കെ ഉള്ളവരുമാണെന്ന് കണ്ടു. പഞ്ചായത്ത് തലത്തിൽ വ്യാപകമായ പ്രചാരണം നൽകി , എല്ലാവർക്കും അപേക്ഷിക്കാനുള്ള അവസരം നൽകി, ഗ്രാമസഭയിൽ അവതരിപ്പിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വിവിധ അക്കൌണ്ട് ഹെഡുകളിലായി മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ നിലനിനിൽക്കുന്നു.

വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ അക്കൌണ്ട് ഹെഡുകളിലായി മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ നിലനിനിൽക്കുന്നു. 27-12-21 -ലെ ഓഡിറ്റ് എൻക്വയറി നം 5 ന് ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | അക്കൌണ്ട് ഹെഡ് | ലഭിച്ച വർഷം | തുക | വിശദാംശം |
|---|---|---|---|---|
| 1 | 320200201 | 2016-17 | 75562/- | കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്ന് കൃഷി ഓഫീസ് മെയിന്റൻസിനായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക |
| 2 | 320200302 | 2018-19 | 36044/- | ബയോ ഫ്രണ്ട് ലി ടോയ്ലറ്റിന് CDPO നൽകിയ തുക |
| 3 | 320300102 | 2016-17 | 1137938, | തനത് ഫണ്ടിൽ നിന്ന് ജലനിധി പ്രോജക്ടിന് വേണ്ടി മാറ്റിവച്ച തുക |
| 4 | 320600101 | ലഭ്യമാക്കിയില്ല. | 1312876/- | എം.എൻ. ഭവന പദ്ധതി- ബാക്കി നിൽക്കുന്ന തുക |
| 5 | 320200301 | ലഭ്യമാക്കിയില്ല. | 12307/- | ജനകീയ ഭവന പദ്ധതി- ബാക്കി നിൽക്കുന്ന തുക |
| 6 | 320700204 | 2016-17 | 249747/- | ബഡ്സ് സ്കൂൾ മെയിന്റനൻസിനുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 7 | 320700205 | 2016-17 | 56592/ | ഭിന്നശേഷി- സ്കോളർഷിപ്പിനുവേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതം |

ഈ തുകകൾ ഭരണസമിതിയുടേയും കോർഡിനേഷൻ കമ്മിറ്റിയുടേയും അനുവാദം കിട്ടുന്ന മുറയ്ക്ക് ചെലവഴിക്കുന്നതാണ് എന്ന് അറിയിച്ചു. സർക്കാർ ഉത്തരവുകൾക്കനുസൃതമായി മാത്രം തുകകൾ ചെലവുചെയ്യേണ്ടതും തിരിച്ചടക്കേണ്ട തുകകൾ അതത് ഫണ്ടുകളിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. എത്രയും വേഗം തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി കുറവായി നിർണ്ണയിച്ചു.

1) ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് 70 രൂപ നിരക്കിലും , 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. വാർഡ് നമ്പർ 4 ൽ സ്ഥിതി ചെയ്യുന്ന ശ്രീ,ദേവസ്സിക്കുട്ടി ജോസ്, പാറയ്ക്ക എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 200 ച.മീ തറവിസ്തീർണ്ണമുള്ള 290 -ാം നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ പ്രകാരം ഗോഡൌൺ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നികുതി നിർണ്ണയം നടത്തിയതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ,ഗോഡൌണുകൾ എന്ന ഗണത്തിൽ പെടുത്തി ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിൽ വാർഷിക വസ്തു

നികുതി നിശ്ചയിച്ചിരിക്കുന്നതായി കാണുന്നു (200X50 = 10,000 രൂപ) . 200 ച.മീ തറ വിസ്തീർണ്ണമുള്ള ടി കെട്ടിടം 100 ച.മീ ന മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ , റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഗണത്തിൽ പെടുത്തി ച.മീ ന് 70 രൂപ നിരക്കിൽ (200 X 70 = 14,000രൂ) നികുതി നിർണ്ണയിക്കാഞ്ഞതു മൂലം 4,000 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/27.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല . കുറവായി നിർണ്ണയിച്ച തുക കുടിശ്ശിക സഹിതം ഈടാക്കേണ്ടതും സഞ്ചയയിൽ ചതുരശ്രമീറ്ററിന് 70 രൂപ അടിസ്ഥാന നിരക്കിലുള്ള ശരിയായ നികുതി നിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) റെസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് നികുതി നിരക്ക് നിശ്ചയിച്ചില്ല.

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

## 1-14 ലൈസൻസ് ഫീ - അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്ററിൽ ചട്ടപ്രകാരം ആവശ്യമായ വിവരങ്ങൾ ചേർക്കുകയോ സെക്രട്ടറി ആധികാരികപ്പെടുത്തുകയോ ചെയ്യുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി.സി.ബി.-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2. കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർക്കുന്നില്ല. മുൻവർഷത്തെ വരവിനനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ (ഡിമാന്റിൽ വ്യത്യാസം ഉണ്ടെങ്കിൽ) മാറ്റം വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സാംഖ്യാ അക്കൌണ്ടുകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതുമാണ്.

3. തൻവർഷം ലൈസൻസ് അടച്ച സ്ഥാപനങ്ങളെയാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപെടുത്തിയിരിക്കുന്നത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം തന്നെ കാലികമാക്കി വർഷാരംഭത്തിൽ ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി വർഷാരംഭത്തിൽ തന്നെ തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം വാർഡ് തിരിച്ച് ലൈസൻസ് രജിസ്റ്റർ എഴുതുന്ന എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

4. പല ലൈസൻസ് അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത്, അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുന്നില്ല. മുൻവർഷം ഈടാക്കിയ ഫീസ് തന്നെ തൻവർഷവും ഈടാക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. അപേക്ഷകളിൽ കൃത്യമായ മൂലധനം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അന്വേഷണ ഉദ്യോഗസ്ഥൻ അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

5. സ്ഥാപനങ്ങൾക്ക് ഒന്നിൽ കൂടതൽ വർഷത്തേക്ക് ലൈസൻസ് നൽകുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളുടെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് ലഭിച്ച തുക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. നൽകേണ്ടതുമാണ്. മുൻവർഷങ്ങളിലും 2020-21 വർഷവും ഇത്തരത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ അഡ്വാൻസ് തുകയിൽ നിന്ന് തൻവർഷ വരവിലേക്ക് മാറ്റിയ തുകകളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

6. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും (1351 കെട്ടിടങ്ങൾ) ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. 2020-21 ൽ **311** സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലും പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി അറിയിക്കേണ്ടതാണ്.

7. സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയ്യേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ

ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയും ക്രമ നം. 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27-12-21 ലെ ഓഡിറ്റ് എൻക്വയറി നം 4 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള ഓഡിറ്റ് നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിച്ച് ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ധാരാളം ഇറച്ചി കടകൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും ലൈസൻസ് രജിസ്റ്റർ പ്രകാരം ആരും ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇത്തരം കടകൾ എല്ലാം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27-12-21 ലെ ഓഡിറ്റ് എൻക്വയറി നം 4 ന് നൽകിയ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവിനും വിധേയമായി മാത്രമേ ലൈസൻസ് നൽകുകയുള്ളൂ എന്ന മറുപടി തൃപതികരമല്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇത്തരം കടകൾ എല്ലാം നിമാനസൃതമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും മാനദണ്ഡങ്ങൾ പാലിക്കാത്തവയ്ക്കെതിരെ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി -അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ), 1996ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുന്ന ഏതൊരു ജീവനക്കാരനും ബാധകമായ നിരക്കിലുള്ള തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.

2020-21 സാമ്പത്തികവർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു
1) താഴെപറയുന്ന സ്ഥാപനങ്ങൾ അവിടെ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | യുവർ ടോംസ് ഡെന്റൽ കെയർ, കാഞ്ഞൂർ | I & II |
| 2 | സൂര്യ ബ്രെഡ്സ് പാറപ്പുറം | I & II |
| 3 | കാർത്തിക മോഡേൺ റൈസ് മിൽ | I & II |
| 4 | സെന്റ്.ആന്റണീസ് മോഡേൺ റൈസ് മിൽ | I & II |
| 5 | മേരിമാത റൈസ് മിൽ | I & II |
| 6 | പൂജ മോഡൺ റൈസ് മിൽ | I & II |
| 7 | പയ്യപ്പിള്ളി റൈസ് മിൽ | I & II |
| 8 | എസ് ആന്റ് എസ് അഗ്രോ പ്രോഡക്ട്സ് | I & II |
| 9 | അന്ന അഗ്രോ പ്രോഡക്ട്സ് | II |
| 10 | ആസാദ് സൂപ്പർ മാർക്കറ്റ് | I |

| | | |
|---|---|---|
| 11 | നന്ദിനി ഫ്ലോർ മിൽ | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ ഉൾപ്പെടെ വിവരം അറിയിക്കേണ്ടതും അല്ലാത്ത പക്ഷം തുക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കേണ്ടതാണെന്നറിയിച്ച് കൊണ്ട് നൽകിയ എൻക്വയറി നം.1 ന് നൽകിയ മറുപടിയിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും 31.12.2021 നകം തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . പഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

2) നികുതി അടയ്ക്കാൻ ചട്ടപ്രകാരം ബാധ്യസ്ഥരായ 2020-21 ൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ഷാജു.കെ.കെ,കണക്കശ്ശേരി , മാണിക്യമംഗലം |
| 2 | പി.ഡി.സേവ്യർ,പള്ളിപ്പാടൻ. പാറപ്പുറം |
| 3 | പി.വി.സ്റ്റീഫൻ, പൈനാടത്ത്,പാറപ്പുറം |
| 4 | ടിജോ വർഗ്ഗീസ്, ഉളുപ്പൻ, പാറപ്പുറം |
| 5 | ഷാന്റോ ജോസ്, കോണകുടി, നീലീശ്വരം |
| 6 | പോൾ.കെ.വിൻസന്റ്, കോഴിക്കാടൻ, കാഞ്ഞൂർ |
| 7 | സിബി.കെ.പി,കണ്ണപ്പിള്ളി, പിരാരൂർ |
| 8 | സുരേഷ്.കെ, കോയിക്കൽ മഠം,പാറപ്പുറം |
| 9 | ജീസ്മോൻ.എൻ.പി, നായരുവേലി,ശ്രീമൂലനഗരം |
| 10 | ഡെയ്സി ജോസ്, നരിക്കുളം, കാഞ്ഞൂർ |
| 11 | പി.വി.ബേബിച്ചൻ, പുതുവ, കിടങ്ങൂർ |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ഡ്രൈവിംഗ് സ്കൂളുകൾ, അക്ഷയ സെന്റർ, അഭിഭാഷകർ, ഡോക്ടർമാർ, ആധാരം എഴുത്തുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ടി സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ രേഖപ്പെടുത്തുന്നതായി കാണുന്നില്ല . സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന വാർഡ് നമ്പർ ഉൾപ്പെടെ കെട്ടിടത്തിന്റെ നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-17 ചട്ടത്തിന് വിരുദ്ധമായി വിവിധ നിരക്കുകളിൽ ലൈസൻസ് ഫീ ഈടാക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് എങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 27-12-21 ലെ ഓഡിറ്റ് എൻക്വയറി നം 4 ന് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. പരിശോധനയിൽ 100 ,200. 300, 400, 500, 1000, 2000, 3000 , 4000, 5000, 10000, 15000 എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ ചട്ടത്തിനു വിരുദ്ധമായി കുറഞ്ഞ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കൃത്യവിലോപത്തിനും ഇടയാക്കുന്നു. കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്രയും വേഗം ചട്ടപ്രകാരമുള്ള പരമാവധി ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതുവരെയുള്ള നഷ്ടത്തിന് ഉത്തരവാദി ആയവരിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് അനുമതിയില്ലാതെ അനധികൃതമായി നിലം നികത്തി റൈസ് മില്ലുകളുടെ നിർമ്മാണം

20.05.2020 ലെ പഞ്ചായത്ത് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ കാഞ്ഞൂർ പഞ്ചായത്തിലെ 7ാം വാർഡിൽ ആലുവ താലൂക്ക് വടക്കുംഭാഗം വില്ലേജിൽ 134/7 , 134/15 , 134/20-2 എന്നീ സർവ്വേ നമ്പറുകളിൽ യഥാക്രമം 8 ആർ 36 ച.മീ., 3 ആർ 26 ച.മീ., 6 ആർ 29 ച.മീ. എന്നിങ്ങനെ വിസ്തീർണ്ണമുള്ള നിലം ആയ സ്ഥലത്ത് അനധികൃതമായി ഭൂമി നികത്തിയെടുത്ത് റൈസ് മിൽ നിർമ്മാണം നടത്തിയതായും ഭൂവുടമകൾക്കെതിരെ കേരള നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ പ്രകാരം അടിയന്തിര നിയമ നടപടികൾ സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർ വടക്കുംഭാഗം, കൃഷി ഓഫീസർ കാഞ്ഞൂർ എന്നിവരോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഐകകണ്ഠേന ആവശ്യപ്പെടാൻ തീരുമാനിച്ചതായും (തീരുമാനം നമ്പർ 2) കാണുന്നു .പാറപ്പുറം ആറങ്കാവ് കരയിൽ പ്രവർത്തിക്കുന്ന

ശ്രീ.ടി.പി.ജോസ് തെക്കേക്കര,ശ്രീമതി.ബിൻസി ജോസ് തെക്കേക്കര, ശ്രീ.ടി.എസ്.ബേസിൽ പയ്യപ്പിള്ളി എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള യഥാക്രമം മേരിമാത മോഡേൺ റൈസ് മിൽ, എസ് ആന്റ് എസ് അഗ്രോപ്രോഡക്ട്സ്, അന്ന അഗ്രോ മിൽസ് എന്നിങ്ങനെ അരിമില്ലുകളും ഗോഡൌണുകളുമാണിവ. വില്ലേജ് റവന്യൂ ബി.ടി.ആർ രേഖകൾ പ്രകാരം നിലം ആയി കിടക്കുന്നതും ഡാറ്റാ ബാങ്കിൽ നിലം വിഭാഗത്തിൽ ഉൾപ്പെട്ടതുമായ ടി സ്ഥലത്ത് മില്ലുകൾ സ്ഥാപിക്കുന്നതിനു വേണ്ടി നിലം നികത്തുന്നത് സംബന്ധിച്ചും അവിടുത്തെ മലിനീകരണം സംബന്ധിച്ചും പരിസരവാസികളിൽ നിന്ന് നിരവധി പരാതികളാണ് പഞ്ചായത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്നത്.ഏക്കർ കണക്കിന് നെൽവയലുകൾ നികത്തി പുതുതായി പണിതു കൊണ്ടിരിക്കുന്ന ടി റൈസ് പ്ലാന്റിന് പഞ്ചായത്തിൽ നിന്ന് പ്രവർത്തനാനുമതി നൽകിയിട്ടില്ല എന്നാണ് 01.06.2020 ൽ ശ്രീ. രഞ്ജിത് ശശി, പാതാപ്പിള്ളി വീട് എന്ന വ്യക്തി നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 29.06.2020ൽ പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്. 18.06.2020 ൽ ശ്രീ.ലിജോ ജോസ് ഉതുപ്പാൻ , പാറപ്പുറം എന്ന വ്യക്തി നൽകിയ വിവരാവകാശ അപേക്ഷയും മേൽ റൈസ് മില്ലുകളിൽ 2005 നു ശേഷം കെട്ടിടം പണിയുന്നതിനോ നമ്പർ ഇടുന്നതിനോ വേണ്ടി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച കേസ് ഫയൽ പരിശോധിച്ചതിൽ 7 -ാം വാർഡിൽ 7/320 , 324, 325. 326 എന്നീ കെട്ടിട നമ്പറുകളിൽ പ്രവർത്തിച്ചു വരുന്ന മേരിമാതാ മോഡേൺ റൈസ് മില്ലിന് പഞ്ചായത്ത് രേഖകൾ പ്രകാരം 4890 ചതുരശ്രമീറ്റർ വിസ്തീർണ്ണമാണുള്ളത്. എന്നാൽ 31.03.2021 തിയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ട് പോയി അളന്നു തിട്ടപ്പെടുത്തിയ സാക്ഷ്യപത്രം പ്രകാരം കെട്ടിത്തിന്റെ നിലവിലെ ഏരിയ 18774.83 ച.മീ ആണ്. 13884.83 ച.മീ കെട്ടിടം അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. അതുപോലെ 7/319 -ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന അന്ന റൈസ് മില്ലിന് പഞ്ചായത്ത് രേഖകൾ പ്രകാരം 3591 ച.മീ വിസ്തീർണ്ണമാണ് ഉള്ളത്. 5943.03 ച.മീ കെട്ടിടം അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് WP(C)7924/2021 നമ്പറായി ഹൈക്കോടതിയിൽ കേസ് നടന്നു വരികയാണ്. 2008 ലെ കേരള നെൽവയൽ – തണ്ണീർത്തട നിയമങ്ങൾ അതി ലംഘിച്ചും 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിയോ കൂടാതെയും നടത്തിയിരിക്കുന്ന മേൽ നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളും അനധികൃത നിർമ്മാണങ്ങൾക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 20 പ്രകാരം പ്രത്യേക കെട്ടിട നമ്പർ നൽകി ഫോറം 10 ലുള്ള യു.എ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നീ വിവരങ്ങളും ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/27.12.2021 ന് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ(1) ലെ വ്യവസ്ഥകൾ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടത്തിൻമേൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ , അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതാണ്. അപ്രകാരം നികുതി നിർണ്ണയം നടത്തി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരം ലഭ്യമാക്കേണ്ടതും അനധികൃത നിർമ്മാണത്തിൻമേൽ നിലവിൽ സ്വീകരിച്ചിട്ടുള്ള അനന്തര നടപടികൾ അറിയിക്കേണ്ടതുമാണ്.

**<u>1-19 ഇ-ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്നില്ല.</u>**

മുൻകാലങ്ങളിലേത് ഉൾപെടെ ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നില്ല. 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-2(3) പ്രകാരം നടപടി സ്വീകരിച്ച് അറിയിക്കുന്നതിന് നിർദേശിച്ചിരുന്നു എങ്കിലും ഇതുവരെ തുക ലഭിച്ചതായി കാണുന്നില്ല. 27-12-21 ലെ ഓഡിറ്റ് എൻക്വയറി നം. 5 പ്രകാരം ഈ ഇനത്തിൽ ഇതുവരെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു എങ്കിലും ലഭ്യമാക്കിയില്ല. ഈ ഇനത്തിൽ ഓരോ വർഷങ്ങളിലും ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തെളിവ് സഹിതം ഹാജരാക്കേണ്ടതും എത്രയും വേഗം തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

**<u>1-20 ലൈഫ് ഭവന പദ്ധതി-ഭൂമി വാങ്ങുന്നതിന് ധനസഹായം- ജനറൽ- പദ്ധതി അപാകതകൾ</u>**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 238/20-21, സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി(ലൈഫ്)-ഭൂമി വാങ്ങുന്നതിന് ധനസഹായം- ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാറപ്പുറം |
| അടങ്കൽ | 22,00,000/- ( ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 2,00,000/- (ബിൽ നം 160/27.10.2020.) |

ലൈഫ് മിഷൻ 3ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 130 പേരാണ് ഭൂരഹിത ഭവനരഹിതരുടെ അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇവരിൽ കുറച്ച് പേർ സ്വന്തമായി ഭൂമി വാങ്ങി ഭവന നിർമ്മാണത്തിനുള്ള ധനസഹായം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തൻവർഷം ഒരാൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഉയർന്ന ഭൂമി വിലയും, സർക്കാർ ധനസഹായമായ 2,00,000/- രൂപ കൊണ്ടു മാത്രം ഭൂമി വാങ്ങാൻ കഴിയാത്തതിനാലും, ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർ ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്നില്ലെന്നാണ് വി.ഇ.ഒ അറിയിച്ചത്. പട്ടികയിലെ ക്രമ നം. 7ാമതുള്ള ശാന്ത വേലായുധൻ, തേനൂർ വീട്, പാറപ്പുറം എന്ന വ്യക്തിക്കാണ് തൻ വർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. കിഴക്കുഭാഗം വില്ലേജിൽപ്പെട്ട സർവ്വേ നം 1)276/1-4 ൽ പ്പെട്ട 1.21 ആർ ഭൂമി വാങ്ങിയതിനാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇവരുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയതായും വി.ഇ. ഒ അറിയിച്ചു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകേണ്ടത് വസ്തു വിൽക്കുന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ്. എന്നാൽ പദ്ധതി പ്രകാരമുള്ള 2 ലക്ഷം രൂപ ഗുണഭോക്താവായ ശാന്ത വേലായുധന്റെ

അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നം 10500100177820 , ഫെഡറൽ ബാങ്ക്, കാഞ്ഞൂർ) നേരിട്ട് നല്കുകയാണുണ്ടായത്. ഇത് ശരിയായ നടപടിയല്ല. ഭൂമി നൽകിയ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നതിന് പകരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയത് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്. ഇതിൽ വിശദീകരണം നൽകേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-21 അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം**

ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 21 അംഗൻവാടികളാണുള്ളത്. അതിൽ 14 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും, 7 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. വനിത-ശിശുവികസന ഡയറക്ടറുടെ 07.01.2021 ലെ ICDS/B5-30277/19 നമ്പർ ഉത്തരവ് പ്രകാരം അങ്കണവാടികളുടെ പ്രതിമാസ വാടക ഗ്രാമ പ്രദേശങ്ങളിൽ 1000/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ വാടകക്ക് കെട്ടിടം വാടകക്ക് ലഭിക്കാത്ത സാഹചര്യത്തിൽ അധിക വാടക വിഹിതം നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരിക്കാവുന്നതാണെന്ന നിർദ്ദേശമനുസരിച്ച് തൻവർഷം തനത് ഫണ്ട് വകയിരുത്തി 2,00,000/- രൂപ അടങ്കൽ വരുന്ന പദ്ധതി രൂപീകരിച്ച് 1,51,177/-രൂപ ചെലവഴിച്ചിട്ടുണ്ട്(പ്രോ നം 13/2020-21). .

13ാം പദ്ധതി കാലയളവിൽ( 2017-2022) എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്( ഖണ്ഡിക 7.8.2). എന്നാൽ പഞ്ചായത്തിലെ 7 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായിട്ടും ഇവക്ക് സ്വന്തം കെട്ടിടമുണ്ടാക്കുവാനുതകുന്ന പദ്ധതികളൊന്നും ഈ കാലയളവിൽ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല. 13ാം പദ്ധതിയുടെ അവസാന വർഷത്തിലെത്തിയിട്ടും ഇതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പ്രതിവർഷം 2 ലക്ഷത്തോളം രൂപ അങ്കണവാടികളുടെ വാടക ഇനത്തിൽ പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. ഈയിനത്തിലുള്ള ആവർത്തന ചെലവ് ഒഴിവാക്കുന്നതിനും, എല്ലാ അംഗൻവാടികൾക്കും സ്വന്തം കെട്ടിടം എന്ന 13ാം പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികളുണ്ടാവേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും, സുരക്ഷ, ശുചിത്വം എന്നീ കാര്യങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവർ വേണ്ടത്ര ശ്രദ്ധപതിപ്പിക്കേണ്ടതുമാണ്.

**1-22 എസ്.എസ്.കെ. പദ്ധതി-വിനിയോഗവിവരങ്ങൾ,മോണിറ്ററിംഗ് ഫലപ്രദമല്ല**

| | | |
|---|---|---|
| നിർവ്വഹണം | സെക്രട്ടറി | അസി. സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 1/2020-21 | 34/2020-21 |
| അടങ്കൽ | 300000/-(പ്ലാൻ-ജനറൽ) | 100000/- (എസ്.സി.പി) |
| ചെലവ് | 300000/- | 100000/- |
| ബിൽ നം. | 223108/2020-21/2.06.2020 | 968640/2020 -21 /20.01.2021 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബില്ലുകൾ മുഖാന്തിരം എസ്.എസ്.കെ.യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2020-21 -ലെ മൊത്തം പ്രവർത്തന കലണ്ടറും2020-21 -ൽ തുക വിനിയോഗിച്ചു എന്ന കൈപ്പറ്റുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2020-21 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് .

**1-23 എ.ബി.സി പ്രോഗ്രാം- തുക നൽകിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് | 5/20-21,എ.ബി.സി. പ്രോഗ്രാം, |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 75000/- |
| ചെലവ്(ബിൽ നം.തീയതി) | 75000/-(1091536/16.02.2021) |

മേൽ പ്രോജക്ട് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. 36 നായ്ക്കളെ വന്ധ്യംകരിച്ചതായും 75,000/- രൂപ വിനിയോഗിച്ചതായുമുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

എ.ബിസി പരിപാടിയുടെ നടത്തിപ്പിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ, നായയെ സൂക്ഷിക്കുന്നതിനായുള്ള കൂടുകൾ, സർജറി റൂം ഉൾപ്പെടെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീക്ക് ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവ് നായക്കളുടെ കൃത്യമായ വിവരം മിഷനിൽ ലഭ്യമാക്കേണ്ടതുണ്ട്. കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുമായി കരാറിൽ പറഞ്ഞ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയും കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുമായുള്ള

കരാർ പ്രകാരം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ പ്രാദേശിക സഹകരണം വാർഡ് മെമ്പർമാർ, റസിഡന്റ് അസോസിയേഷനുകളുമായി ബന്ധപ്പെടുത്തി ജില്ലാമിഷൻ കോ-ഓഡിനേറ്റർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവ് നായ്ക്കളുടെ എണ്ണം, പഞ്ചായത്ത് പരിധിയിലെ വിവിധ വാർഡുകളിൽ നിന്നും പദ്ധതിക്കായി തിരഞ്ഞെടുത്ത നായകളുടെ കണക്കും ലഭ്യമല്ല. മേൽപറഞ്ഞ പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-24 ലാപ്ടോപ്പ് വിതരണം- മാർഗ്ഗരേഖ പാലിച്ചില്ല.**

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 32/2020-21 |
| അടങ്കൽ | 360000/-(എസ്.സി.പി) |
| ചെലവ് | 353977/- |
| ബിൽ നം. | 13/2020-21/21.03.21 |

മേൽ പദ്ധതി പ്രകാരം 13 ലാപ്ടോപ്പുകൾ കെല്‍ട്രോണിൽ നിന്നും വാങ്ങി തൻവർഷം വിതരണം ചെയ്തിരുന്നു. പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകേണ്ടത്, എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട സ്നേഹമനോജ് എന്ന ഗുണഭോക്താവിന്റെ 2020-21ലെ ഫയലിൽ ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ (സർട്ടിഫിക്കറ്റ് തീയതി 13.09.2021) ടിയാൾ 2021-2022 വർഷം ഡിഗ്രി പഠനം ആരംഭിച്ചതായാണ് രേഖപ്പെടുത്തിയത്, അതായത് 20201-22ലാണ് സർട്ടിഫിക്കറ്റ് നൽകിയത്. അപേക്ഷയിലെ ഫോൺനമ്പറിൽ ഓഡിറ്റ് ഗുണഭോക്താവുമായി പ്രസ്തുത വിഷയം ചോദിച്ചറിഞ്ഞ് ആയത് സ്ഥിരീകരിക്കുകയും ചെയ്തു. ഇപ്രകാരം പദ്ധതി മാർഗ്ഗരേഖ പാലിക്കാതെ ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/28.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അടുത്ത വർഷം പഠിക്കുവാൻ ഉദ്ദേശിക്കുന്ന വിദ്ധ്യാർത്ഥിക്ക് മുൻകൂറായി ലാപ്ടോപ്പ് അനുവദിക്കാനും സർട്ടിഫിക്കറ്റ് പിന്നീട് ഹാജരാക്കുവാനും പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല. ഗുണഭോക്തൃലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടാൽതന്നെയും പദ്ധതി നിർവ്വഹണഘട്ടത്തിൽ അനർഹരെ ഒഴിവാക്കേണ്ടത് നിർവ്വഹണ ഉദ്ധ്യോഗസ്ഥനാണ്. കൂടാതെ പദ്ധതി പ്രകാരം ഗുണഭോകാതാക്കൾക്ക് മുമ്പ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പട്ടികജാതി വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടില്ല. വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് എപ്പോഴാണ് ലഭിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. അനർഹമായി നൽകിയ ലാപ്ടോപ്പിന്റെ വിലയായ 27229/- രൂപ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ ചെലവ് തുക നിരാകരിക്കുന്നതാണ്.

**1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല**

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായും/മാറ്റി സ്ഥാപിക്കുന്നതിനുമായി 2020-21 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിലും, ലൈൻ വലിക്കൽ എന്നീ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി-യിലും ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന തുകകൾക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | സ്ഥാപനം | ബിൽ നം./തിയതി | തുക |
|---|---|---|---|---|
| 1 | 231/20-21 | Kseb | 575475/30.09.20 | 25000 |
| 2 | 226/20-21 | Kwa | 952277/16.01.21 | 347000 |
| ആകെ | | | | 372000 |

വിനിയോഗ രേഖകളുടെ അഭാവത്തിൽ 372000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

**1-26 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ പദ്ധതി- അപാകതകൾ.**

പ്രൊജക്ട് നം. (So)115/21

അടങ്കൽ തുക : 621000/-(സി.എഫ്.സി.ഗ്രാന്റ് )

ചെലവു തുക : 620700/-

നിർവ്വഹണം : സെക്രട്ടറി.

ബിൽ നം : 552513/12.04.2020

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീററ് ലൈൻ വലിച്ച ഭാഗത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടത്. 'ക്രൂസിൽ' നിന്നും ടെണ്ടർ കൂടാതെയാണ് എൽ.ഇ.ഡി. വിളക്കുകൾ വാങ്ങിയത്. 02-12-2019 -ലെ എ.2-800/819 നമ്പർ കത്തുപ്രകാരം 18 വാട്ട് ഉള്ള (261+7) 268എൽ.ഇ.ഡി. വിളക്കുകൾക്ക് ഗ്രാമപഞ്ചായത്ത് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ക്രൂസ് ലിമിറ്റഡ് ലഭ്യമാക്കിയ Krews/173/19-20-02-2021 നമ്പർ ഇൻവോയ്സ് പ്രകാരം 268 എൽ.ഇ.ഡി വിളക്കുകൾ ശരാശരി2400/- രൂപ നിരക്കിൽ 619837/- രൂപക്ക് വാങ്ങിയിട്ടുണ്ട്. ബിൽ നം. ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 19.2 ൽ സ.ഉ(പി)നം.7/19/SPD തിയതി 26-4-2019 പ്രകാരം വരുത്തിയ ഭേദഗതി പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ളതും കേന്ദ്ര സർക്കാരിന് കീഴിലുള്ള ഓൺലൈൻ വാങ്ങൽ പോർട്ടൽ ആയ GeM (Government E-Marketplace) -ൽ ലഭ്യമായതുമായ സാധനങ്ങൾ GeM സംവിധാനത്തിലൂടെ

വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഇലക്ട്രിക്കൽ ഉപകരണങ്ങൾ GeM മുഖേന വാങ്ങുന്നതിന് മുൻഗണന നൽകാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

ഓഡിറ്റ് വേളയിൽ GeM പോർട്ടൽ പരിശോധിച്ചതിൽ താരതമ്യേന നിരക്ക കുറവും കൂടുതൽ കാലയളവിൽ വാറണ്ടിയുമുള്ള ലോകോത്തര ബ്രാന്റുകളുടെ LED കൾ ലഭ്യമാമെന്ന് ബോധ്യപ്പെട്ടു. പുറമേ ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെട്ടാൽതന്നെയും ഒരു പോസ്റ്റിൽ സ്ഥാപിക്കുന്നതിനു ചെലവഴിച്ച 2,400/- രൂപ അധികമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു (1790/- Syska, 1827/- (Phillips Led Street Light, 50 Watts, Free Replacement 5 Years). മേൽപ്പറഞ്ഞ പരാമർശങ്ങൾ പരിഗണിച്ചില്ലെങ്കിൽത്തന്നെയും ക്രൂസിൽ നിന്നും ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനുള്ള ഉത്തരവ് നിലവിലില്ല. റേറ്റ് കോൺട്രാക്ട് സമ്പ്രദായം സർക്കാർ നിർത്തലാക്കിയിട്ടുമുണ്ട്. പകരം സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.9.23ൽ ഇളവ് നൽകി, വിവിധ സ്ഥാപനങ്ങൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി ദീർഘിപ്പിച്ച് നൽകുന്നുണ്ട്. അത്തരത്തിലുള്ള അനുമതി ക്രൂസിനില്ല.

2) സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം നിലവിലുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ച് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള വാങ്ങലുകൾ 5 ലക്ഷത്തിൽ കൂടുവാൻ പാടുള്ളതല്ല. ജെം മുഖേന വാങ്ങാതിരുന്ന സാഹചര്യത്തിൽ ഇ ടെൻഡറിന് മുൻഗണന നൽകേണ്ടതായിരുന്നു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

3) വാങ്ങിയ വിളക്കുകൾ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4) അതത് വാർഡുകളിൽ വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് വാർഡ് മെമ്പർമാർ നൽകിയ രേഖയും ആകെ വാങ്ങിയ കണക്കും ലഭ്യമാക്കിയിട്ടില്ല.

5) വിതരണം ചെയ്ത വിളക്കുകൾ സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

6) വിളക്കുകളുടെ ബ്രാന്റ്, മറ്റ് സ്പെസിഫിക്കേഷനുകൾ, ഗ്യാരൻഡി കാലാവധി എന്നിവയും ഫയലിലില്ല. ഗ്യാരൻഡി കാലാവധിക്ക് ശേഷമുള്ള പരിപാലനം സംബന്ധിച്ചും വ്യക്തതയില്ല.

7) ആവശ്യത്തിനുള്ള പഠനമോ അന്വേഷണമോ നടത്താതെയാണ് വിളക്കുകൾ വാങ്ങിയതെന്ന് വിലയിരുത്തുന്നു.

8) വാങ്ങിയ വിളക്കുകൾ ഏതെല്ലാം പോസ്റ്റുകളിലാണ് സ്ഥാപിച്ചതെന്നോ, നിലവിൽ വിളക്കുകൾ ഉണ്ടായിരുന്ന പോസ്റ്റുകളിലാണ് സ്ഥാപിച്ചതെങ്കിൽ പഴയവ(സ്ക്രാപ്പ്) എപ്രകാരമാണ് ഒഴിവാക്കിയതെന്നോ വ്യക്തമല്ല. മേൽപറഞ്ഞ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/28.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവ് തുക 620700/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04.2020 ലെ മുന്നിരിപ്പ് | 2020-2021ൽ ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (160300102) | 2020-21 | 0 | 1060000 | 1060000 | ലൈഫ് ഭവനം -ജനറൽ (20/21) | 300000 | 0 |
| | | | | | ഭിന്നശേഷി സ്കോളർഷിപ്പ്(12/21) | 760000 | |
| | ആകെ | 0 | 1060000 | 1060000 | | 1060000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് (160300101) | 2020-21 | 0 | 400000 | 400000 | ലൈഫ് ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ -ജനറൽ (238/21) | 200000 | 0 |
| | | | | | നെൽക്കൃഷി വികസനം(116/21) | 200000 | 0 |
| | ആകെ | 0 | 400000 | 400000 | നെൽക്കൃഷി വികസനം(116/21) | 400000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പുകൾ സ്ഥാപിക്കൽ | 22001441 തി 16-01-21 | 347000 | 0 | 347000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന വായ്പ – | സർക്കാർ ഉത്തരവ് എം എസ് നം 68/18 തി 18.05.2018 | 3228508 | 2329978+700000 (തൻവർഷ വരവ്)=3029978 | 512275 | - | 2517703 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 200/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 2-3(4) List B Sl No 24 | 2160 | ശ്രീപദം ആയുർവേദ ക്ലിനിക് | 120070102859/04.12.20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,17,18,050 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79,5,35,014 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,19,929 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -ഇല്ല- | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ മേൽവിലാസം |
|---|---|---|---|
| 1-24 | 27229 | ശ്രീമതി.എം.ജയശ്രീ, അസിസ്റ്റന്റ് സെക്രട്ടറി. | കുട്ടിങ്ങൽ ഹൌസ്, ചേർത്തല സൌത്ത് (പി.ഒ.) |
| 1-25 | 372000 | ശ്രീ.ടി.എസ്.പ്രസാദ്, സെക്രട്ടറി. | താന്നിക്കുഴിയിൽ, നീലീശ്വരം പി.ഒ. |
| 1-26 | 620700 | ടി.എസ്.പ്രസാദ്, സെക്രട്ടറി. | താന്നിക്കുഴിയിൽ, നീലീശ്വരം പി.ഒ. |
| ആകെ | 1019929 | | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ/ ഔദ്യോഗിക നാമം |
|---|---|---|
| 1-11(2) | 57083 | ശ്രീ.ടി.എസ്.പ്രസാദ്, സെക്രട്ടറി. |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**
**ഖണ്ഡിക : 1-13**

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**
**ഇല്ല**

**<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ഇ(പി-4)846/03/12.11.2003 |
| 1999-00, 2001-02(ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 |
| 2015- 16 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016 |
| 2016-17 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2176/17/ 29.11.2017 |
| 2017-18 | നം.കെ.എസ്.എ.-ഇകെഎം (പി.13) 146/19/ 18.03.2019 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം (പി.13) 257/20/ 13.03.2020 |
| 2019-20 | നം.കെ.എസ്.എ.-ഇകെഎം (പി.13) 490/21/ 29.03.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്